# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 2129

**06.02.2019-ൽ മറുപടിയ്ക്ക്**

**ഇരിമ്പിളിയം ഗവൺമെന്റ് ആയുർവ്വേദ ആശുപത്രിക്ക് പുതിയ കെട്ടിടം**

| ചോദ്യം<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത -ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിലെ ഗവൺമെന്റ് ആയുർവ്വേദ ആശുപത്രിക്കായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്.<br>കോട്ടയ്ക്കൽ നിയോജക മണ്ഡലത്തിലെ ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിലെ ഗവൺമെന്റ് ആയുർവേദ ആശുപത്രിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി 54,30,590/ രൂപയുടെ (അമ്പത്തി നാല് ലക്ഷത്തി മുപ്പതിനായിരത്തി അഞ്ഞൂറ്റി തൊണ്ണൂറ് രൂപ മാത്രം) എസ്റ്റിമേറ്റും പ്ലാനും ലഭ്യമായിട്ടുണ്ട്. |
| (ബി) | പ്രസ്തുത എസ്റ്റിമേറ്റ് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഉണ്ട്.<br>ജില്ല മെഡിക്കൽ ആഫീസർ അംഗീകരിച്ച എസ്റ്റിമേറ്റാണ് ലഭ്യമായിട്ടുള്ളത്. |
| (സി) | ഇരിമ്പിളിയം ഗ്രാമ പഞ്ചായത്തിലെ പ്രത്യേക സാഹചര്യം പരിഗണിച്ച് ആശുപത്രിയ്ക്കായി പുതിയ കെട്ടിടം നിർമ്മിക്കുന്നത് നടപ്പ് വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (സി) | ഇരിമ്പിളിയം ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിക്ക് പുതിയ കെട്ടിട നിർമ്മാണത്തിനുള്ള തുക 2019-20 സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ